(ഡി) വനഭൂമി കയ്യേറ്റം, വനസമ്പത്ത് കൊള്ളയടിക്കൽ എന്നിവ തടയുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വനവിസ്തൃതി കുറഞ്ഞിട്ടില്ല.

(ഡി) വനം കയ്യേറ്റം തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടയിട്ട് സംരക്ഷിച്ചുവരുന്നു. വനഭൂമി കയ്യേറ്റവും കുറ്റകൃത്യവും തടയുന്നതിനായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും വനസംരക്ഷണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാർക്ക് ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ എന്നിവ നൽകി അവരെ കൂടുതൽ സുസജ്ജമാക്കിയിട്ടുണ്ട്. കുറ്റകൃത്യം തടയാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഫ്ളയിംഗ് സ്ക്വാഡിന്റെ സഹായത്തോടെ റോന്തു ചുറ്റൽ നടത്തി കയ്യേറ്റങ്ങളും വനകുറ്റകൃത്യങ്ങളും പരമാവധി തടയുന്നതിനായി ജാഗ്രത പുലർത്തുന്നു. കൂടാതെ കയ്യേറ്റങ്ങൾ കണ്ടെത്തി അവ കഴിവതും അപ്പപ്പോൾ തന്നെ ഒഴിപ്പിക്കുകയും, കയ്യേറ്റ ഭൂമി വീണ്ടെടുക്കുകയും ചെയ്യുന്നു. കയ്യേറ്റക്കാരിൽ നിന്നും എതിർപ്പുകൾ ഉണ്ടാകുമ്പോൾ പോലീസിന്റെ സഹായത്തോടെ കയ്യേറ്റം ഒഴിപ്പിക്കുകയും വനകുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ നിലവിലുള്ള വനനിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

വനഭൂമി ഏറ്റെടുക്കൽ

5 (763) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം മാനന്തവാടി താലൂക്കിൽ പേര്യ വില്ലേജിൽ എ. കെ. കാദർകുട്ടി എന്ന ആളുടെ കൈവശമുണ്ടായിരുന്ന വനഭൂമി നിക്ഷിപ്ത വനഭൂമിയായി ഗവൺമെന്റ് ഏറ്റെടുക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഏറ്റെടുത്തിട്ടില്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ ;

(സി) കാദർകുട്ടിയുടെ വനഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസ് നൽകിയിരുന്നോ ; ആയത് തീർപ്പായോ ;

(ഡി) ഗവൺമെന്റ് ഈ കേസിൽ അപ്പീൽ ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

വനംമേഖലയിലെ നിയമപാലനം

6 (764) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം മേഖലയിൽ നിന്നും മരംമുറിച്ചു കൊണ്ടു പോകുന്നതിന് നിലവിലുള്ള നിയമം കൃത്യമായി പാലിക്കാത്ത കേസുകൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ അത്തരം എത്ര കേസുകൾ കണ്ടു പിടിച്ചിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ നിയമം കൃത്യമായി പാലിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7994

(സി) ഉണ്ട്.

(ഡി) വിശദവിവരം ശേഖരിച്ചു വരുന്നു.

വനപ്രദേശത്തുള്ള നദികളിലെ മണൽവാരൽ

7 (765) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശത്തുള്ള നദികളിൽ നിന്ന് മണൽ ശേഖരിച്ച് കൊണ്ടു പോയ എത്രസംഭവം ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഉണ്ടായിട്ടുണ്ട് ;

(ബി) ഓരോ സംഭവത്തിലും എത്ര ക്യൂബിക് മീറ്റർ വീതം മണൽ ശേഖരിച്ചിട്ടുണ്ട് ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയില്ലാതെ വനത്തിലുള്ള നദികളിൽ നിന്ന് വൻതോതിൽ മണൽ ശേഖരിച്ച സംഭവം ഇക്കാലത്തുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം മണൽ ശേഖരിച്ചത് എപ്പോഴെല്ലാമാണ് ;

(ഇ) വനത്തിലുള്ള നദികളിൽ നിന്ന് മണൽ ശേഖരിച്ചതിന്റെ പേരിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കെതിരെ ഈ കാലത്ത് വിജിലൻസ് കേസെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly